©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഏപ്രിൽ 27<br>27th April 2021<br>1196 മേടം 14<br>14th Medam 1196<br>1943 വൈശാഖം 7<br>7th Vaisakha 1943 | നമ്പർ<br>No. | 17 |

## PART III

# Commissionerate of Land Revenue

## Cherthala Taluk

പരസ്യം

നമ്പർ എഫ്4-4744/2021. 2021 മാർച്ച് 23.

ചേർത്തല താലൂക്കിൽ പട്ടണക്കാട് വില്ലേജിൽ ആലുങ്കൽ കൃഷ്ണനിവാസ് വീട്ടിൽ പ്രദീപ്, കെ. എൻ. എന്നയാൾ 30-12-2020-ാം തീയതി മരിച്ചുപോയെന്നും പരേതന്റെ നിയമാനുസൃത അവകാശികളെ കാണിക്കുന്നതിനും വിവിധ ആവശ്യത്തിലേക്കും അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടു കൊണ്ട് പരേതന്റെ ഭാര്യ ഉമ, എൽ. സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടി പ്രദീപ്, കെ. എൻ. എന്നയാൾ 30-12-2020-ൽ മരിച്ചുപോയെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്ന 3 പേർ മാത്രമാണുള്ളതെന്നും അറിവായിരിക്കുന്നു. പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഉമ, എൽ. | ഭാര്യ | 54 |
| 2 | ശ്യാമ, കെ. പി. | മകൾ | 29 |
| 3 | ശ്വേത, കെ. പി. | ,, | 20 |

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ രേഖാമൂലം ചേർത്തല തഹസീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞ് വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ചേർത്തല. തഹസീൽദാർ.

## Chengannur Taluk

പരസ്യം

നമ്പർ സി8-7742/2020. 2020 ഡിസംബർ 29.

ചെങ്ങന്നൂർ താലൂക്കിൽ മാന്നാർ വില്ലേജിൽ കുട്ടംപേരൂർ മുറിയിൽ നാനാട്ടിൽ വീട്ടിൽ തോമസ് ശാമുവേൽ എന്നയാൾ 20-6-2020-ാം തീയതിയിൽ മരിച്ചുപോയെന്നും ടിയാന്റെ പേരിലുള്ള വിവിധ ആവശ്യത്തിന് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ ടിയിൽ ഏലിയാമ്മ തോമസ് സമർപ്പിച്ച അപേക്ഷയിൻമേൽ മാന്നാർ വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൻ 20-6-2020-ാം തീയതിയിൽ മരിച്ചുപോയതാണെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്ന 3 പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഏലിയാമ്മ തോമസ്സ് | ഭാര്യ | 66 |
| 2 | റോബി തോമസ്സ് | മകൻ | 41 |
| 3 | റോണി തോമസ്സ് | ,, | 39 |

മേൽപ്പറഞ്ഞവർ ആണ് പരേതന്റെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം ചെങ്ങന്നൂർ തഹസീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ചെങ്ങന്നൂർ. തഹസീൽദാർ.

## Mavelikkara Taluk

പരസ്യം

(1)

നമ്പർ സി1-12312/2020. 2021 ജനുവരി 4.

മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ വഴുവാടി മുറിയിൽ 'കൃപ' വീട്ടിൽ വി. കാർത്തികേയൻ 2-1-2013-ൽ മരിച്ചുപോയിട്ടുള്ളതിനാൽ അവകാശികളെ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതന്റെ മകൻ ടിയിൽ സന്തോഷ് കുമാർ, കെ. എൽ. ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ തഴക്കര വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തി വരുത്തിയ രേഖകൾ പരിശോധിച്ചതിൽ നിന്നും പരേതന്റെ നിയമപരമായ അവകാശികൾ താഴെ പറയുന്നവരാണെന്ന് കാണുന്നു.

| ക്രമ നമ്പർ | പേര് | മരിച്ചയാളുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സരോജിനി, പി. പി. | ഭാര്യ | 72 |
| 2 | സജീവ് കുമാർ, കെ. എൽ. | മകൻ | 48 |
| 3 | സതീഷ് കുമാർ, കെ. എൽ. | ,, | 46 |
| 4 | സന്തോഷ് കുമാർ, കെ. എൽ. | ,, | 44 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ആകയാൽ പരേതന്റെ പേരിലുള്ള വിവിധ ആവശ്യങ്ങൾക്ക് അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് മുകളിൽ പറഞ്ഞ നാലുപേർ മാത്രമാണ് പരേതന്റെ നിയമാനുസൃത അവകാശികളെന്ന് തെളിയിക്കുന്ന ഒരു സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ പരസ്യതീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. തപാൽമാർഗ്ഗമായും കാലാവധി കഴിഞ്ഞും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ സി1-11999/2020. 2020 ഡിസംബർ 30.

മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ മാവേലിക്കര മുറിയിൽ തോപ്പിൽ മാൻഷൻ വീട്ടിൽ ഗീവർഗ്ഗീസ് പാപ്പച്ചൻ 6-11-2020-ൽ മരിച്ചുപോയിട്ടുള്ളതിനാൽ അവകാശികളെ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ ടിയിൽ ശോശാമ്മ പാപ്പച്ചൻ ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ മാവേലിക്കര വില്ലേജ് ആഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തി വരുത്തിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ഇന്ത്യൻ പിന്തുടർച്ചാവകാശ നിയമപ്രകാരം പരേതന്റെ നിയമപരമായ അവകാശികൾ താഴെ പറയുന്നവരാണെന്ന് കാണുന്നു.

| ക്രമ നമ്പർ | പേര് | മരിച്ചയാളുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ശോശാമ്മ പാപ്പച്ചൻ | ഭാര്യ | 71 |
| 2 | പ്രീറ്റ മറിയം പാപ്പച്ചൻ | മകൾ | 44 |
| 3 | പ്രദീപ് ജോൺ പാപ്പച്ചൻ | മകൻ | 41 |